## കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും ഉത്തരവ് പുറപ്പെടുവിക്കുന്നു -

ഉത്തരവ് നം: എസ്റ്റാ -സി 2/17124/2016/കോ.വി.വ തീയതി : 15.07.2016

പരാമർശം :- 02.07.2016-ലെ സി.1/474/2016/കോ.വി.വ നമ്പർ ഉത്തരവ്.

### ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ താഴെപ്പറയുന്ന സ്ഥാപനത്തിൽ ഒഴിവ് നിലവിലുണ്ട്.

| ക്രമ നമ്പർ | ഒഴിവു നിലവിലുള്ള സ്ഥാപനം | ഒഴിവുകളുടെ സ്വഭാവം |
|---|---|---|
| 1 | കെ.കെ.ടി.എം.ഗവണ്മെന്റ് കോളേജ്, പുല്ലൂറ്റ് | ശ്രീ.സി.ഗോപിനാഥ്, ജൂനിയർ സൂപ്രണ്ട് പ്രൊമോഷനായ ഒഴിവ്. |

മേൽ സൂചിപ്പിച്ച ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നടത്തുന്നതിനായി താഴെപ്പറയുന്ന രീതിയിൽ ജൂനിയർ സൂപ്രണ്ടുമാരെ അവരുടെ പേരിനു നേരെയുള്ള സ്ഥാപനത്തിൽ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ.വി.വി.ഗിരീഷ്, (എറണാകുളം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ ജൂനിയർ സൂപ്രണ്ടായി പ്രമോഷൻ നൽകിയ) | കെ.കെ.ടി.എം.ഗവണ്മെന്റ് കോളേജ്, പുല്ലൂറ്റ് |
| 2 | ശ്രീ.പി.സി.സുരേഷ്, (കോട്ടയം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ ജൂനിയർ സൂപ്രണ്ടായി പ്രമോഷൻ നൽകിയ) | കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, എറണാകുളം. |
| 3 | ശ്രീമതി.ശോഭ ആനി ജോസഫ്, (കോട്ടയം ഗവണ്മെന്റ് കോളേജിൽ ജൂനിയർ സൂപ്രണ്ടായി പ്രൊമോഷൻ നൽകിയ) | കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോട്ടയം. |

### സ്ഥാനക്കയറ്റം

സീനിയോരിറ്റി ലിസ്റ്റിലെ അടുത്ത ക്രമനമ്പരുകാരനായ ശ്രീ.മധുസൂദനൻ.എം-നെ റിവേർട്ട് ചെയ്യാൻ 30.11.2015-ലെ സ.ഉ.(സാധാ) നമ്പർ.3054/15/ഉ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിനെതിരെ ശ്രീ.മധുസൂദനൻ.എം ബഹുമാനപ്പെട്ട കേരള അഡ്മിൻസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോടതി ഈ വിഷയത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ ശ്രീ.മധുസൂദനൻ.എം-നെ ഇപ്പോൾ ഇരിക്കുന്ന തസ്തികയിൽ തുടരുവാൻ അനുവദിക്കുകയും സീനിയോറിറ്റി ലിസ്റ്റിലെ തൊട്ടടുത്ത ക്രമനമ്പരുകാരന് 30700-65400/- രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി അവരുടെ പേരിനു നേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനത്തിൽ നിയമിച്ച് ഉത്തരവാകുന്നു

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീമതി.ആശാ സാബു,<br>ഹെഡ് അക്കൌണ്ടന്റ്,<br>ഗവണ്മെന്റ് വനിതാ കോളേജ്,<br>തിരുവനന്തപുരം. | ഗവണ്മെന്റ് കോളേജ്, കോട്ടയം. |

പ്രൊമോഷൻ / സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ വാങ്ങി ഈ ഉത്തരവു പ്രകാരം നിയമനം ലഭിക്കുന്ന സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതും പ്രസ്തുത വിവരം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.collegiateedu.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്,
കൃഷ്ണകുമാർ.റ്റി.വി,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :-
1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
3. സൂപ്രണ്ട് സി / ജെ സെക്ഷനുകൾക്ക്
4. കരുതൽ ഫയൽ,
5. നടപ്പ് ഫയൽ

//അംഗീകാരത്തോടെ//



സൂപ്രണ്ട്.

എസ്.വി.15.07.2016.